# പള്ളികഥകൾ

## മിനികഥകൾ രണ്ട്

ജോയിക്കുട്ടി, ഡിട്രോയിറ്റ്

ജോസഫ് അച്ചന് പണത്തോട് സ്വല്പം കമ്പമുള്ള കൂട്ടത്തിലാണ്. എന്നാൽ പണത്തിനോട്ആർത്തി ഇല്ല.എവിടെങ്കിലും വീട്ടിൽ ചെന്നാൽ ''എന്നാൽ ഞാനിറങ്ങട്ടെയെന്ന്'' ഒന്നു പറയും. ഒരനക്കവും കണ്ടില്ലങ്കിൽ പിന്നെയും പറയും. എന്നിട്ടും ഫലമില്ലങ്കിൽ ''അമ്മായിയെ ഞാനിറങ്ങുവാ'' എന്നു പറയും. എന്നിട്ടും ഫലം കണ്ടില്ലങ്കിൽ ഒന്നുകൂടെ പറയും. അപ്പോൾ വീട്ടുകാർ ഒരു കവർ കൊടുക്കും. ധൃതഗതിയിൽ അതു മടക്കി പോക്കറ്റിലിട്ടിട്ട് ''വേണ്ടായിരുന്നല്ലോ'' എന്നും പറഞ്ഞ് പെട്ടന്ന് മടങ്ങി പോകും.

''അച്ചന് പെണ്ണും പിടക്കോഴിയും ഒന്നുമില്ലല്ലോ. പിന്നെന്തു ചെയ്യാനാണ് ഈ പണം കൊണ്ട്''

''അതു ഞാൻ മടങ്ങിപോകുമ്പോ, പെട്ടീലിട്ടുകൊണ്ടു പോകാനാണ്''

''അച്ചനതെങ്ങിനെ സാധിക്കാനാണ്'' ഞാൻ സംശയം ചോദിച്ചു.

''അതെല്ലാം ഞാൻ എന്റെ കപ്യാരെ പറഞ്ഞ് ഏപ്പാടു ചെയ്തിട്ടുണ്ട്. അവൻ വിശ്വസ്തനാണ്.''

കപ്യാർ മക്കാസിനെ എനിക്കു നല്ലവിധമറിയാം. അച്ചൻ മരിച്ചാലുടനെ അച്ചന്റെ എല്ലാ പണവും വാരി കീശയിലാക്കി കടക്കാനിരിക്കുന്ന വേന്ദ്രനാണ് അയാൾ. എന്തായാലും ഞാനീ വിവരം അച്ചനോടു പറഞ്ഞിട്ടില്ല.

''മരിച്ചു കഴിഞ്ഞ് ഈ പണവും കൊണ്ട് എന്തു ചെയ്യാനാ?'' ഞാൻ സംശയം ചോദിച്ചു.

അപ്പോഴാണ് അച്ചൻ പലചരക്കു കച്ചവടക്കാരൻ തോമ്മാച്ചന്റെ കഥ പറയുന്നത്. അച്ചന്റെ കഥ കേട്ടിരിക്കാൻ ആക്കും നല്ല രസം തോന്നും. പാറപ്പുറത്ത് പാറയിട്ടുരക്കുന്ന ശബ്ദമാണെങ്കിലും കൊച്ചു പിള്ളേർ കഥ പറയുന്ന പോലെ സരളമാണ്.

## സ്വർഗ്ഗത്തിൻ മുനമ്പിൽ പലചരക്കുകട

തോമ്മാച്ചേട്ടൻ പാവം നല്ല മനുഷ്യനാണ്. കൂടാതെ നല്ല ഒരു ക്രിസ്ത്യാനിയും. എല്ലാ ഞായറാഴ്ചയും മുടങ്ങാതെ പള്ളിയിൽ വരും. പള്ളിക്കുകൊടുക്കേണ്ടതെല്ലാം മുടങ്ങാതെ കൊടുക്കും. വാരിക്കോരി കൊടുക്കത്തില്ല; ആളുകളിക്കാൻ. പള്ളിരാഷ്ട്രീയത്തിൽ ഒട്ടും ഇടപെടത്തില്ല. അതിനുള്ള സമയവും ഇല്ല. പള്ളി പിരിഞ്ഞാലുടനെ വീട്ടിൽ പോയി കഞ്ഞികുടിച്ചിട്ടുവേണം കട തുറക്കാൻ. വഷാവഷം മക്കളുണ്ടാകും. അതെല്ലാം ദൈവം ദാനമായി തരുന്നത് കയ്യും നീട്ടി വാങ്ങുമെന്നേ അയാൾക്ക് പറയാനുള്ളു. കൊള്ള ലാഭം ഉണ്ടാക്കുകയോ ആരുടെയെങ്കിലും പിടിച്ചു പറിക്കയോ ചെയ്തിട്ടില്ല. എന്നാലും ധാരാളമായി സമ്പാദിച്ചിരുന്നു. മക്കളൊന്നും അപ്പന്റെ മുഖം കണ്ടിട്ടില്ല. മക്കൾ ഉറക്കത്തിലാകുമ്പോൾ അയാൾ കടയിൽ പോകും. വീണ്ടും മക്കൾ ഉറക്കത്തിലാകുമ്പോൾ അയാൾ മടങ്ങി വരും. അയാൾക്ക് എത്ര മക്കളുണ്ടന്ന് അയാൾക്കു തന്നെ അറിയത്തില്ല; അതന്വേഷിക്കാൻ അയാൾ മിനക്കെട്ടിട്ടില്ല.

അയാളുടെ കച്ചവടത്തിൽ അയാൾ വളരെ സന്തോഷിച്ചിരുന്നു. അയാൾ തന്നെയായിരുന്നു മുതലാളിയും അസിസ്റ്റന്റും. അയാൾ തന്നെയായിരുന്നു കണക്കപിള്ളയും എല്ലാം. എല്ലാ കാര്യങ്ങളും അയാൾ തന്നെയാണ് ചെയ്തിരുന്നത്. അയാൾ ഒരു കഠിനാദ്ധ്വാനിയായിരുന്നു.

രാത്രിയിൽ വീട്ടിൽ ചെന്നാലും വളരെ നേരം കണക്കെല്ലാം കൂട്ടുകയും കുറക്കുകയും എല്ലാം ചെയ്ത് തിട്ടപ്പെടുത്തിയിട്ടേ ഉറങ്ങുകയുള്ളു. അക്കാര്യത്തിന് അയാൾക്ക് വളരെ നിഷ്ഠയായിരുന്നു. ഉറക്കത്തിലും അയാൾ വിരലുകൾ മടക്കുകയും നിവക്കുകയും ചെയ്യുന്നത് ഭാര്യയ്ക്കനുഭവപ്പെട്ടിട്ടുണ്ട്. ഉറക്കത്തിൽ കിടന്ന് ഇയാൾ ഈ വിരലുകൊണ്ട് എന്തു കുരുത്തക്കേടു കാണിക്കുകയാണെന്ന് തെറ്റിദ്ധരിച്ച് ആ സ്ത്രീ പലപ്രാവശ്യം ശ്രദ്ധിക്കുമ്പോൾ അയാൾ പിച്ചും പേയും പറയുന്നത് കണക്കുകൂട്ടലാണെന്ന് മനസ്സിലാക്കുന്നത്. പല ദിവസങ്ങളും അവർ അയാളോടു ചൊദിക്കുമ്പോൾ അയാൾ പറയുന്നത്: രാത്രീ കിടക്കുന്നതിന് മുമ്പ് കണക്കുകൂട്ടിയത് ശരിയാണോ എന്ന് വീണ്ടും പരിശോധിക്കുകയാണെന്നായിരുന്നു.

കടയിൽ വരുന്ന വ്യത്യസ്ഥങ്ങളായ ആൾക്കാരുടെ വത്തമാനങ്ങളും പെരുമാറ്റങ്ങളും അയാൾക്ക് വളരെ ഹൃദ്യങ്ങളായിരുന്നു. അയാൾ അധികം ഫലിതം പറയാറില്ലായിരുന്നെങ്കിലും മറ്റുള്ളവരുടെ ഫലിതം ആസ്വദിക്കാൻ അയാൾക്ക് കഴിവുണ്ടായിരുന്നു. അയാളുടെ നഗ്ന കുടവയർ കുലുക്കിയുള്ള ചിരി കണ്ടാസ്വദിക്കുന്നവരായിരുന്നു കടയിൽ വരുന്ന എല്ലാ ആൾക്കാരും.

അങ്ങിനെ ഇരിക്കെ ഒരു ദിവസം തോമ്മാച്ചേട്ടൻ മരിച്ചു. മുകളിൽ ചെന്നപ്പോൾ വി. പത്രോസ് തോമ്മാച്ചേട്ടനെ സ്വഗ്ഗത്തിന്റേയും പാതാളത്തിന്റേയും ഇടയിൽ കൊണ്ടു നിത്തി. ''ഇവിടാരേം നിബ്ബന്ധമായി എങ്ങോട്ടും പറഞ്ഞു വിടത്തില്ല. ഈ രണ്ടു സ്ഥലങ്ങളിൽ നിങ്ങൾക്ക് ഇഷ്ടമുള്ളിടത്തേക്ക് പറഞ്ഞു വിടുകയുള്ളു''

തോമ്മാച്ചേട്ടന് ഒരു സംശയവും കൂടാതെ പറഞ്ഞു ''എനിക്ക് രണ്ടിടത്തും പോകണ്ടാ. രണ്ടിന്റേയും ഇടയിലുള്ള ആ മുനമ്പേൽ നിത്തിയാൽ മതി''

''അതെന്താ അങ്ങിനെ?'' വി. പത്രോസിന് അത്ഭുതം കൂറി. ഇങ്ങിനെ ആരും ഇതുവെരെ പറഞ്ഞിട്ടില്ലല്ലൊ.

തോമ്മാച്ചേട്ടൻ ഉള്ളു തുറന്നു പറഞ്ഞു '' ഇതിന്റെ രണ്ടിന്റേയും ഇടയിലുള്ള മുനമ്പേലാണെങ്കിൽ എനിക്കവിടെ ഒരു പലചരക്കു കട തുടങ്ങാം. അപ്പോൾ സ്വഗ്ഗത്തിൽ ഉള്ളവരും പാതാളത്തിൽ ഉള്ളവരും സാധനങ്ങൾ വാങ്ങാൻ അവിടെ വരുമല്ലോ. കൂടാതെ ഇടയ്ക്കിടക്ക് എനിക്ക് സ്വഗ്ഗത്തിലും പാതാളത്തിലും പോയി വിലസുകയും ചെയ്യാമല്ലോ''

ജോസഫ് അച്ചന് ഉണ്ടാക്കിയ പണം ചിതലരിക്കാത്ത വിധം നാണയമായി പെട്ടിയിലിട്ടുകൊടുത്തു വിട്ടാൽ മുകളിൽ ചെല്ലുമ്പോൾ തോമ്മാച്ചേട്ടന്റെ കടയിൽ പോയി വല്ലതും വാങ്ങാൻ ഇവിടുള്ളപ്പൊൾ ചെയ്യതുപോലെ ''അമ്മായിയെ ഇറങ്ങട്ടെ'' എന്നു പറഞ്ഞ് കവർ വാങ്ങി കീശയിലിട്ടു നടക്കേണ്ട ഗതികേടു വരികയില്ലല്ലോ.

ജോസഫ് അച്ചൻ പറഞ്ഞതു കേട്ട് എനിക്ക് ചിരി വന്നു പോയി. അച്ചൻ പറഞ്ഞത് ഫലിതമാണോ? നേരാണോ? എന്ന് എനിക്കറിയത്തില്ല.